TVM
മടോ
2 വരി 2016 വെള്ളി
രുവനന്തപുരം

## വേദികളിൽ ഇന്ന്

**വേദി – 1: പുത്തരിക്കണ്ടം മൈതാനം (ചിലങ്ക)**
മാർഗംകളി (എച്ച്എസ്എസ്)- 9.00,
ഭരതനാട്യം (എച്ച്എസ്)ജി- 2.00.

**വേദി –2: പൂജപ്പുര മൈതാനം (നടനം)**
കുച്ചിപ്പുഡി (എച്ച്എസ്എസ്)ജി- 9.00,
മിമിക്രി (എച്ച്എസ്എസ്)ജി- 12.00,
നാടോടിനൃത്തം (എച്ച്എസ്എസ്)ബി- 3.00

**വേദി – 3: ഗവ. വിമൻസ് കോളജ് ഓഡിറ്റോറിയം (മയൂരം)**
അറബനമുട്ട് (എച്ച്എസ്)- 9.00,
വൃന്ദവാദ്യം (എച്ച്എസ്)- 2.00.

**വേദി – 4: വിജെടി ഹാൾ, പാളയം (തരംഗിണി)**
മാപ്പിളപ്പാട്ട് (എച്ച്എസ്എസ്)ജി- 9.00,
യക്ഷഗാനം (എച്ച്എസ്)- 11.00.

**വേദി – 5: സെന്റ് ജോസഫ്സ് എച്ച്എസ്എസ് ഓഡിറ്റോറിയം, ജനറൽ ഹോസ്പിറ്റൽ ജംക്ഷൻ (യവനിക)**
നാടകം (എച്ച്എസ്എസ്)- 9.00.

**വേദി – 6: ഗവ. ഗേൾസ് എച്ച്എസ്എസ് കോട്ടൺഹിൽ (വാനമ്പാടി)**
മോണോആക്ട് (എച്ച്എസ്)ബി- 9.00,
ചവിട്ടുനാടകം (എച്ച്എസ്എസ്)- 11.00

**വേദി – 7: എസ്എംവി മോഡൽ എച്ച്എസ്എസ് (മുദ്ര)**

**അറബിക് കലോൽസവം**
സംഭാഷണം (അറബിക്)- 9.00,
പദ്യംചൊല്ലൽ ബി (അറബിക്)- 11.00,
പദ്യംചൊല്ലൽ ജി (അറബിക്)- 2.00,
പ്രശ്നോത്തരി (അറബിക്)- 4.00

**വേദി – 8: ഗവ. ഗേൾസ് വി ആൻഡ് എച്ച്എസ്എസ് മണക്കാട് (നാദം)**

**സംസ്കൃതോൽസവം**
സംസ്കൃതം സെമിനാർ- 9.00, സംഘഗാനം- 2.00,
പദ്യംചൊല്ലൽ (സംസ്കൃതം)
എച്ച്എസ്എസ് (ജനറൽ)- 4.00



**വേദി – 9: ഗവ. എൽപിഎസ് കോട്ടൺഹിൽ ഓഡിറ്റോറിയം (നിലാവ്)**
ഓട്ടൻതുള്ളൽ (എച്ച്എസ്)ജി- 9.00,
നങ്ങ്യാർകൂത്ത് (എച്ച്എസ്)ജി- 12.00.

**വേദി – 10: ഗവ. മോഡൽ എച്ച്എസ് എൽപിഎസ് തൈക്കാട് (കേളി)**
പദ്യംചൊല്ലൽ (എച്ച്എസ്എസ്) മലയാളം- 9.00,
കഥകളി (എച്ച്എസ്എസ്) ഗ്രൂപ്പ്-11.00

**വേദി – 11: ഹോളി ഏഞ്ചൽസ് എച്ച്എസ്എസ് (മഴവില്ല്)**
കഥകളി സംഗീതം (എച്ച്എസ്എസ്)ബി- 9.00,
ഗിത്താർ (എച്ച്എസ്)- 2.00.

**വേദി – 12: പബ്ലിക് ലൈബ്രറി ഹാൾ, പാളയം (തളിര്)**
പ്രസംഗം ഹിന്ദി (എച്ച്എസ്)- 9.00,
പ്രസംഗം ഹിന്ദി (എച്ച്എസ്എസ്)- 11.00,
കാവ്യകേളി (എച്ച്എസ്എസ്)- 3.00.

**വേദി – 13: ശ്രീസ്വാതി തിരുനാൾ മ്യൂസിക് കോളജ്, തൈക്കാട് (മണിവീണ)**
മൃദംഗം (എച്ച്എസ്എസ്)- 9.00,
തബല (എച്ച്എസ്)- 12.00, മൃദംഗം/ഘടം/ഗഞ്ചിറ (എച്ച്എസ്)- 3.00

**വേദി – 14: ഗവ. ഗേൾസ് എച്ച്എസ്എസ് കോട്ടൺഹിൽ അസംബ്ലി ഹാൾ (താളം)**
സംസ്കൃതോൽസവം. അഷ്ടപദി (ജി)- 2.00,
അഷ്ടപദി (ബി)- 4.00, പ്രശ്നോത്തരി- 6.00

**വേദി – 15: ശിശുക്ഷേമ സമിതി ഹാൾ, തൈക്കാട് (ഗീതം)**
കിസ് ഉറുദു (എച്ച്എസ്എസ്)- 9.00,
പദ്യംചൊല്ലൽ ഇംഗ്ലിഷ് (എച്ച്എസ്എസ്)- 11.00,
പദ്യംചൊല്ലൽ ഇംഗ്ലിഷ് (എച്ച്എസ്)- 2.00

**വേദി – 16: രചനാ മൽസരങ്ങൾ: എസ്എംവി മോഡൽ എച്ച്എസ്എസ് (വർണം)**
ഉപന്യാസം അറബി (എച്ച്എസ്എസ്)- 9.00,
കഥാരചന അറബി (എച്ച്എസ്എസ്)- 11.00,
കവിതാരചന അറബി (എച്ച്എസ്എസ്)- 2.00

**വേദി – 17: രചനാ മൽസരങ്ങൾ: എസ്എംവി മോഡൽ എച്ച്എസ്എസ് (വർണം)**
ഉപന്യാസം അറബി (എച്ച്എസ്)- 9.00,
കഥാരചന അറബി (എച്ച്എസ്)- 10.00,
കഥാരചന ഇംഗ്ലിഷ് (എച്ച്എസ്എസ്)- 11.00,
കവിതാരചന ഇംഗ്ലിഷ് (എച്ച്എസ്എസ്)- 2.00.

**വേദി – 18: രചനാ മൽസരങ്ങൾ: എസ്എംവി മോഡൽ എച്ച്എസ്എസ് (വർണം)**
ചിത്രരചന പെൻസിൽ (എച്ച്എസ്),
ചിത്രരചന പെൻസിൽ (എച്ച്എസ്എസ്)- 9.00,
ചിത്രരചന ജലച്ചായം (എച്ച്എസ്),
ചിത്രരചന ജലച്ചായം (എച്ച്എസ്എസ്)- 11.00,
ചിത്രരചന എണ്ണച്ചായം (എച്ച്എസ്),
ചിത്രരചന എണ്ണച്ചായം (എച്ച്എസ്എസ്)- 2.00.

**വേദി – 19: സെന്റ് മേരീസ് എച്ച്എസ്എസ് പട്ടം (മേളം)**
ബാൻഡ് മേളം (എച്ച്എസ്എസ്)- 9.00.

**സാംസ്കാരികോൽസവം**
അട്ടക്കുളങ്ങര സീമാറ്റ് ഓഡിറ്റോറിയം- കുട്ടികളുമായി കവികളുടെ സംവാദം-10.00
ഗാന്ധി പാർക്ക് -സമ്മാനദാനം, കവിയരങ്ങ്, കാവ്യനർത്തനം, സുസ്മിത ബാനർജിയുടെ കഥക് നൃത്തം-5.00

# രാജ്ഞിയെ പാട്ടിലാക്കി
# മാപ്പിളപ്പാട്ടിന്റെ റാണി



സനൂഫ

തിരുവനന്തപുരം ● അരശങ്കാമശികയിൽ അലങ്കാരത്തോക്കു തുമ്മൽ അശഗോളി ചൊരുന്തത്തൈ... വിവേകവും സൗന്ദര്യവും ഒത്തുചേർന്ന ബിൽഖീസ് രാജ്ഞിയെക്കുറിച്ചുള്ള പാട്ടുമായി സംസ്ഥാന കലോൽസവത്തിനെത്തിയ സനൂഫ മാപ്പിളപ്പാട്ടിന്റെ രാജ്ഞിയായി.

ആദ്യമായി പങ്കെടുക്കുന്ന സംസ്ഥാന കലോൽസവത്തിൽ ഒന്നാം സ്ഥാനമെന്ന അഭിമാന നേട്ടവുമായാണു കോട്ടയ്ക്കൽ ഫറോഖ് ഇഎംഎച്ച്എസ്എസിലെ ഈ പത്താംക്ലാസുകാരിയുടെ മടക്കം. സമകാലിക മാപ്പിളപ്പാട്ട് രചയിതാക്കളിൽ പ്രമുഖനായ ഒ.എം. കരുവാരക്കുണ്ട് എഴുതിയ പാട്ട് പാടിയാണു നേട്ടം. മുഹ്സിൻ കുരുക്കൾ സംഗീതം നൽകി. മലപ്പുറം പുത്തനത്താണി പള്ളിയത്തു ഹൗസിൽ ഹനീഫ -സെലീന ദമ്പതികളുടെ മകളാണ്..

---

# വയനാടിന്റെ കണ്ണീരിൽ സാന്ദ്രയുടെ തിളക്കം

തിരുവനന്തപുരം ● ഹൈസ്കൂൾ വിഭാഗം പെൺകുട്ടികളുടെ മോണോആക്ടിൽ സാന്ദ്രാ സനിൽ നേടിയ എ ഗ്രേഡിനു തിളക്കമേറെയുണ്ട്. മൽസരത്തിൽ പങ്കെടുത്തവരെല്ലാം പരിശീലകരെ വച്ചു മോണോ ആക്ട് അഭ്യസിച്ചപ്പോൾ സാന്ദ്രാ തനിയെ തയാറാക്കിയ കഥയുമായായാണു വേദിയിലെത്തി മികച്ച പ്രകടനം കാഴ്ചവച്ചത്. വയനാട് എസ്കെഎംജെ എച്ച്എസ്എസിലെ പത്താം ക്ലാസ് വിദ്യാർഥിയായ സാന്ദ്ര വയനാടിലെ കർഷക പ്രശ്നങ്ങൾ തന്നെയാണു തന്റെ കഥയ്ക്കു വിഷയമാക്കിയത്. കർഷകനായ കുടുംബനാഥൻ സാമ്പത്തിക ബാധ്യത താങ്ങാനാകാതെ ആത്മഹത്യ ചെയ്യുന്നതും പിന്നാലെ ഭാര്യയും മാനസിക വൈകല്യമുള്ള മകനും ആത്മഹത്യ ചെയ്യുന്നതുമാണു സാന്ദ്ര മോണോ ആക്ട് വേദിയിലെത്തിച്ചത്. ആദ്യമായി സംസ്ഥാന കലോൽസവത്തിൽ പങ്കെടുക്കുന്ന സാന്ദ്രയുടെ എ ഗ്രേഡിന് ഒന്നാം സ്ഥാനത്തിന്റെ തിളക്കം.

എഴുത്ത്
പിങ്കി ബേബി
ഷിബു തോമസ്
ജിക്കു വർഗീസ് ജേക്കബ്
ആഷിഖ് അലി
എസ്.പി. സജുദാസ്
ജി.കെ. രഞ്ജിത്
ദീപക് എസ്. ദാസ്
ടി. വരുൺകുമാർ

ചിത്രം
അരവിന്ദ് വേണുഗോപാൽ
ജിബിൻ ചെമ്പോല
രാഹുൽ പട്ടം
സോളമൻ തോമസ്



ഹയർ സെക്കൻഡറി വിഭാഗം ആൺകുട്ടികളുടെ ഭരതനാട്യത്തിൽ മൂന്നാം സ്ഥാനം നേടിയ തുമ്പ പള്ളിത്തുറ എച്ച്എസ്എസിലെ എ.കെ.. അനന്തു കൃഷ്ണൻ..



**തലവരയുണ്ടോ?** ഹൈസ്കൂൾ വിഭാഗം തിരുവാതിരക്കളിക്കുശേഷം ചമയങ്ങൾ അഴിക്കാൻ സഹകലാകാരികളെ സഹായിക്കുന്ന മൂവാറ്റുപുഴ നിർമല എച്ച്എസ്എസ് സംഘാംഗങ്ങൾ. നിർമല എച്ച്എസ്എസ് മൽസരത്തിൽ രണ്ടാം സ്ഥാനം നേടി.



കൊട്ടിക്കയറാൻ: തിരുവനന്തപുരത്ത് സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഹൈസ്കൂൾ വിഭാഗം ചെണ്ടമേളത്തിൽ പങ്കെടുത്ത ഏക വനിതാ സംഘമായ കൊല്ലം പാരിപ്പള്ളി അമൃത എച്ച്എസ്എസിലെ കൊട്ടുകാർ മൽസരം നടന്ന ഹോളി ഏയ്ഞ്ചൽസ് എച്ച്എസ്എസിലെ ഗോവണിയിൽ. ചിത്രം. മനോരമ



കലോൽസവനഗരിയിലെ ചമയമുറിയിൽ പിറന്നാൾ കേക്ക് മുറിക്കുന്ന കലാമണ്ഡലം കൃഷ്ണപ്രസാദ്

# കഥകളിക്കിടെ കേക്കിനൊരു 'കത്തിവേഷം'



തിരുവനന്തപുരം● ഹാപ്പി ബർത്ത്ഡേ ടു യൂ....കഥകളിയാശാൻ തിരിഞ്ഞുനോക്കി. ചുട്ടികുത്താനിരുത്തിയ ശിഷ്യരതാ കയ്യിൽ കേക്കുമായി.. കത്തിയുമുണ്ട് (കത്തി വേഷമല്ല, കേക്കു മുറിക്കാനുള്ള കത്തി). ആശാന്റെ മുഖത്തെ രസം അദ്ഭുതം. ആലപ്പുഴ നങ്ങ്യാർകുളങ്ങര ബിബിഎച്ച്എസിലെ കുട്ടികളെ കഥകളി അഭ്യസിപ്പിക്കുന്ന കലാമണ്ഡലം കൃഷ്ണപ്രസാദിനാണു മൽസരത്തിനു കയറും മുൻപു ശിഷ്യർ കിടിലൻ സർപ്രൈസ് കൊടുത്തത്. കൃഷ്ണപ്രസാദിന്റെ 52-ാം പിറന്നാളായിരുന്നു ഇന്നലെ. അതൊന്നും ഓർക്കാതെ, എച്ച്എസ് ഗ്രൂപ്പ് കഥകളി മൽസരത്തിനു ശിഷ്യരെ ഒരുക്കുന്ന തിരക്കിലായിരുന്നു അദ്ദേഹം. അതിനിടയിലാണു കുട്ടികൾ ഞെട്ടിച്ചത്. കേക്കു മുറിക്കലൊക്കെ പെട്ടെന്നു കഴിഞ്ഞു. ശിഷ്യർ ഉത്തരാസ്വയംവരവുമായി വേദിയിലേക്ക്...

# 'അമ്മ' അനുഗ്രഹിച്ചു; മേളപ്പെരുക്കവുമായി പെൺമക്കൾ

തിരുവനന്തപുരം● ചെണ്ടയിൽ തിമർത്ത് സജിനയും സുചിത്രയും. വലംതലയിൽ പിന്തുണയേകി അനിലേന്ദു. ഇലത്താളത്തിൽ അലിഞ്ഞ് അഭിരാമിയും ആതിരയും. ലക്ഷ്മിയുടെ കുഴൽവിളിക്കൊത്ത് ആവേശത്തിന്റെ കൊമ്പുനാദം തീർക്കുന്ന ദിവ്യ ഉണ്ണിയും. ഇവരൊരുക്കുന്നതു പെരുമയുടെ പെൺമേളം.

കൊല്ലം പാരിപ്പള്ളി അമൃത സംസ്കൃത ഹൈസ്കൂളിലെ പെൺപട ചെണ്ടമേളത്തിൽ എ ഗ്രേഡ് നേടുന്നതു തുടർച്ചയായി ഇത് എട്ടാം തവണ. ഹോളി ഏഞ്ചൽസ് എച്ച്എസ്എസിൽ നടന്ന ഹൈസ്കൂൾ വിഭാഗം ചെണ്ടമേളത്തിൽ അനവധി മിടുക്കൻ സംഘങ്ങളോട് ഏറ്റുമുട്ടാനുണ്ടായിരുന്നത് ഈ മിടുക്കിക്കൂട്ടം മാത്രമാണ്.

കൊല്ലത്ത് ഇവരുടെ മേളപ്പെരുക്കം ആസാദിക്കുന്നവരിൽ പ്രധാനി മാതാ അമൃതാനന്ദമയിയാണെന്നറിയുമ്പോൾ ഏറെ കൗതുകം. വർഷങ്ങളായി അമ്മ തന്റെ ജന്മദിനാഘോഷവേദിയിലേക്കു പ്രവേശിക്കുന്നത് ഈ കുട്ടിപ്പടയുടെ ചെണ്ടമേളം കേട്ടുകൊണ്ടാണ്. തിരുവനന്തപുരത്തേക്ക് ഇവരെ അനുഗ്രഹാശിസുകളോടെ യാത്രയാക്കിയതും മാതാ അമൃതാനന്ദമയി തന്നെ.

കാസർകോടുകാരനായ രാധാകൃഷ്ണൻ മാഷാണു വളയിട്ട കൈകളെ മേളം പരിശീലിപ്പിക്കുന്നത്. സംഘത്തിലുള്ളവരെല്ലാം പരിമിതമായ ജീവിതസാഹചര്യങ്ങളിൽ നിന്നു കലോൽസവത്തിന്റെ തിളക്കത്തിലെത്തിയവരാണ്. കൊല്ലത്തെ അമൃത ഭവനം ഹോസ്റ്റൽ എന്ന കരുണയുടെ കൂടാരത്തിലാണ് ഇവരുടെ വാസം. മാതാ അമൃതാനന്ദമയിയുടെ സ്നേഹത്തിനൊപ്പം സ്കൂൾ അധികൃതരുടെയും അമൃത ഭവനം പ്രവർത്തകരുടെയും പരിലാളനത്തിന്റെ ഊർജത്തിൽ കലയിലും പഠനത്തിലും പുതിയ കാലങ്ങൾ കൊട്ടിക്കയറുകയാണിവർ.